# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE:11.06.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. സമാധാനത്തിനും സുരക്ഷയ്ക്കും പുരോഗമന ആശയങ്ങൾക്കുമൊപ്പമാണ് ഇന്ത്യയിലെ ജനങ്ങൾ നിലകൊള്ളുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **People of India have always stood for peace, security & progressive ideas, says Prime Minister Narendra Modi**

2. മൂന്നാം നരേന്ദ്രമോദി സർക്കാർ സത്യപ്രതിജ്ഞ ചെയ്തതിന് പിന്നാലെ കേന്ദ്രമന്ത്രിമാർ ഇന്ന് ഔദ്യോഗികമായി ചുമതലയേറ്റു.

   **Many Union Ministers of new NDA Government assumed charge today.**

3. പുതിയ സർക്കാരിന്റെ വിദേശ നയങ്ങൾ വൻ വിജയമായിരിക്കുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ് ശങ്കർ. ലോകരാജ്യങ്ങൾക്കിടയിൽ ഇന്ത്യയുടെ സ്വാധീനം ഇനിയും ഉയരുമെന്നും കേന്ദ്രമന്ത്രി.

   **External Affairs Minister Dr S Jaishankar today exuded confidence that the foreign policy of Modi 3.0 will be very successful under the leadership of Prime Minister Narendra Modi.**

4. ആന്ധ്രാപ്രദേശ്, ഒഡീഷ സർക്കാരുകളുടെ സത്യപ്രതിജ്ഞ നാളെ.

   **Swearing-in cermony of new Governments in Andhra Pradesh and Odisha will be held tomorrow.**

5. മലബാറിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധിയിൽ പ്രതിഷേധിച്ച് നിയമസഭയിൽ ഇന്ന് പ്രതിപക്ഷ വാക്ക് ഔട്ട്.

   **Opposition Walkout in Kerala Assembly over Plus one seat shortage in Malabar area.**

6. ട്വൻറി-20 ലോകകപ്പ് ക്രിക്കറ്റിൽ പാകിസ്ഥാൻ ഇന്ന് കാനഡയെ നേരിടും.

**Pakistan will taken on Canada today in T-20 World Cup.**

&&&&&&&&&&&&&&&&

# HEADLINE – 1

**PM- NAWAZ SHARIF**

സമാധാനത്തിനും സുരക്ഷയ്ക്കും പുരോഗമന ആശയങ്ങൾക്കുമൊപ്പമാണ് ഇന്ത്യയിലെ ജനങ്ങൾ നിലകൊള്ളുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ജനങ്ങളുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കുക എന്നതാണ് തന്റെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി. ഇന്ത്യൻ പ്രധാനമന്ത്രിയായി മൂന്നാം തവണയും അധികാരമേറ്റ ശ്രീ.നരേന്ദ്രമോദിക്ക് ആശംസകൾ നേർന്ന മുൻ പാകിസ്ഥാൻ പ്രധാനമന്ത്രി നവാസ് ഷെരീഫിന്റെ സാമൂഹ്യമാധ്യമ പോസ്റ്റിനോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. പാക് പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫും ശ്രീ മോദിക്ക് ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&

**PM- YOGA DAY**

ഐക്യത്തെയും, ഒരുമയേയും പ്രതിനിധീകരിക്കുന്ന കാലാതീതമായ പരിശീലനമാണ് യോഗയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സമഗ്രമായ ക്ഷേമത്തിനായി ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ജനങ്ങളെ യോഗ ഏകോപിപ്പിച്ചു നിർത്തുന്നതായും അദ്ദേഹം സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനത്തിന് മുന്നോടിയായി വിവിധ യോഗാസനങ്ങളെക്കുറിച്ച് വിവരിക്കുന്ന വീഡിയോയും പ്രധാനമന്ത്രി പങ്കുവച്ചു. . വൈവിധ്യമാർന്ന സംസ്കാരങ്ങളെയും ഭൂവിഭാഗങ്ങളെയും ബന്ധിപ്പിക്കുന്നതിനുള്ള യോഗയുടെ കഴിവിനെയും ശ്രീ മോദി പ്രശംസിച്ചു. ജീവിത വെല്ലുവിളികളെ ശാന്തമായി നേരിടുന്നതിന് അവസരമൊരുക്കുന്ന യോഗയെ എല്ലാവരും ജീവിതശൈലിയുടെ ഭാഗമാക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&

# HEADLINE – 2 & 3

**UNION MINISTERS-TAKE CHARGE**

മൂന്നാം നരേന്ദ്രമോദി സർക്കാർ സത്യപ്രതിജ്ഞ ചെയ്തതിന് പിന്നാലെ കേന്ദ്രമന്ത്രിമാർ ഇന്ന് ഔദ്യോഗികമായി ചുമതലയേറ്റു. മന്ത്രിമാരുടെ വകുപ്പുകൾ സംബന്ധിച്ച തീരുമാനം ഇന്നലെ രാത്രിയാണ് പുറത്തു വന്നത്. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ, ആരോഗ്യമന്ത്രി ജെ.പി. നഡ്ഡ, കൃഷിമന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ ഉൾപ്പെടെയുള്ള മന്ത്രിമാരാണ് ഇന്ന് ചുമതലയേറ്റത്. മൂന്നാം മോദി സർക്കാരിന്റെ വിദേശ നയങ്ങൾ വൻ വിജയമായിരിക്കുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ് ശങ്കർ ചുമതലയേറ്റ ശേഷം പറഞ്ഞു. ഇന്ത്യയുടെ സ്വാധീനം വളരുകയാണെന്നും, പ്രതിസന്ധിഘട്ടങ്ങളിൽ കൂടെനിൽക്കുന്ന യഥാർത്ഥ സുഹൃത്തായി ഇന്ത്യയെ മറ്റ് രാജ്യങ്ങൾ കരുതുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ലോകരാജ്യങ്ങൾക്കിടയിൽ ഇന്ത്യയുടെ സ്വാധീനം ഇനിയും ഉയരുമെന്നും അദ്ദേഹം പറഞ്ഞു. ചൈനയും പാകിസ്ഥാനുമായി നിലനിൽക്കുന്ന അതിർത്തി തർക്കങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിലും, അതിർത്തി കടന്നുള്ള ഭീകരവാദം തടയുന്നതിനും കൂടുതൽ ശ്രദ്ധ നൽകുമെന്നും ശ്രീ ജയശങ്കർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&

**ASWINI VAISHNAV, L.MURUGAN**

രാജ്യത്തെ സാധാരണ ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്ന ഗതാഗത സംവിധാനമാണ് റെയിൽവേ എന്നും, റെയിൽവേയുടെ അഭിവൃദ്ധിക്ക് കൂടുതൽ പരിഗണന നൽകുമെന്നും കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. റെയിൽവേ, വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയങ്ങളുടെ ചുമതല ഏറ്റെടുത്ത ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പരിവർത്തന കാഴ്ചപ്പാട് സഫലീകരിക്കാൻ എല്ലാ

ശ്രമങ്ങളും നടത്തുമെന്നും ശ്രീ അശ്വിനി വൈഷ്ണവ് വ്യക്തമാക്കി. വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രിയായി എൽ മുരുഗൻ ഇന്ന് ചുമതലയേറ്റു. സർക്കാരിന്റെ പദ്ധതികളും നയങ്ങളും ജനങ്ങളിലെത്തിക്കാൻ ആശയ വിനിമയം വളരെ പ്രധാനമാണെന്നും അതിനായി മികച്ച പ്രവർത്തനം ഉറപ്പാക്കുമെന്നും ചുമതലയേറ്റശേഷം ശ്രീ എൽ മുരുഗൻ പറഞ്ഞു. കേരളത്തിൽ നിന്നുള്ള കേന്ദ്രസഹമന്ത്രിമാരായ സുരേഷ് ഗോപിയും, ജോർജ് കുര്യനും ഇന്ന് ചുമതലയേറ്റു. പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയത്തിന്റെയും ടൂറിസം മന്ത്രാലയത്തിന്റെയും ചുമതലയാണ് ശ്രീ സുരേഷ് ഗോപിയ്ക്കുള്ളത്. ന്യൂനപക്ഷകാര്യ, ഫിഷറീസ് സഹമന്ത്രിയാണ് ശ്രീ ജോർജ് കുര്യൻ.

&&&&&&&&&&&&&&&&

# HEADLINE – 4

## ANDHRA SWEARING

ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിയായി ടി.ഡി.പി അധ്യക്ഷൻ എൻ. ചന്ദ്രബാബു നായിഡു നാളെ സത്യപ്രതിജ്ഞ ചെയ്യും. വിജയവാഡയിലെ ഗന്നവാരത്താണ് സത്യപ്രതിജ്ഞാ ചടങ്ങുകൾ. നാലാം തവണ മുഖ്യമന്ത്രി സ്ഥാനത്തെത്തുന്ന ചന്ദ്രബാബു നായിഡു ആന്ധ്രാ വിഭജനത്തിന് ശേഷം ഇത് രണ്ടാം തവണയാണ് സംസ്ഥാനത്ത് അധികാരത്തിലെത്തുന്നത്. മന്ത്രിസഭാ രൂപീകരണവുമായി ബന്ധപ്പെട്ട് എൻ.ഡി.എ എംഎൽഎ മാരുടെ യോഗം വിജയവാഡയിൽ ഇന്ന് ചേർന്നു.

&&&&&&&&&&&&&&&&

## ODHISHA

ഒഡീഷയിലെ പുതിയ മുഖ്യമന്ത്രിയെ നിശ്ചയിക്കുന്നതിനായി ബിജെപി നിയമസഭാ കക്ഷിയോഗം ഇന്ന് ചേരും. ഭുവനേശ്വറിലെ പാർട്ടി ആസ്ഥാനത്ത് ഉച്ചതിരിഞ്ഞാണ് യോഗം. കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിങ്ങ്, ഭൂപേന്ദ്ര യാദവ് എന്നിവരെ നിയമസഭാ കക്ഷിയോഗത്തിലെ നടപടിക്രമങ്ങൾ നിരീക്ഷിക്കുന്നതിന് കേന്ദ്ര നേതൃത്വം ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ സർക്കാരിന്റെ സത്യപ്രതിജ്ഞ ഭുവനേശ്വറിലെ ജനതാ മൈതാനിൽ നാളെ

വൈകുന്നേരം നടക്കും. സുരേഷ് പൂജാരി, കെ.വി സിങ്ങ് ദേവ്, മോഹൻ ചരൺ മാഞ്ചി എന്നീ മുതിർന്ന നേതാക്കളുടെ പേരുകളാണ് സജീവ പരിഗണനയിലുള്ളത്.

&&&&&&&&&&&&&&&&

# HEADLINE – 5

## ASSEMBLY – WALKOUT

മലബാറിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധിയിൽ നിയമസഭയിൽ ഇന്ന് പ്രതിപക്ഷ വാക്ക് ഔട്ട്. അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭയിൽ നിന്നും ഇറങ്ങിപോയത്. മലബാറിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധി സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്നും എൻ.ഷംസുദീനാണ് അടിയന്തരപ്രമേയം അവതരിപ്പിക്കാൻ അനുമതി തേടിയത്. പതിനായിരക്കണക്കിന് വിദ്യാർത്ഥികളുടെ ഉപരിപഠനം പ്രതിസന്ധിയിലാണെന്ന് പ്രതിപക്ഷം ആരോപിച്ചു. എസ് എസ് എൽ സി പാസ്സായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് യാതൊരു പ്രതിസന്ധിയും മലബാർ മേഖലയിൽ ഇല്ലെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻ കുട്ടി മറുപടി നൽകി. 3 അലോട്ട്മെന്റുകൾക്ക് ശേഷം സീറ്റിൽ കുറവ് ഉണ്ടാകുന്നുണ്ടെങ്കിൽ പരിഹരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&

## ASSEMBLY – FINANCE

സംസ്ഥാനത്ത് കഴിഞ്ഞ കുറച്ചു മാസങ്ങളായി സാമ്പത്തിക പ്രതിസന്ധി നേരിടുന്നു എന്നത് ഒരു വസ്തുതയാണെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ആനുകൂല്യങ്ങൾ പരമാവധി വിതരണം ചെയ്യാൻ സർക്കാർ ശ്രമിച്ചിട്ടുണ്ടെന്നും അദ്ദേഹം നിയമസഭയിൽ വ്യക്തമാക്കി. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ചെലവുകൾക്ക് മുൻഗണന കൊടുത്തും മുന്നോട്ട് പോവുകയാണ്. ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ധനമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&

## NEET

മെഡിക്കൽ പ്രവേശനത്തിനുള്ള നീറ്റ്-യു.ജി പരീക്ഷയിൽ ക്രമക്കേട് ആരോപിച്ചുള്ള ഹർജിയിൽ സുപ്രീംകോടതി, നാഷണൽ ടെസ്റ്റിംഗ് ഏജൻസിക്ക് നോട്ടീസ് അയച്ചു. പരീക്ഷയുടെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെട്ടതായി കോടതി നിരീക്ഷിച്ചു. എന്നാൽ, നീറ്റ് പരീക്ഷയുടെ കൗൺസിലിംഗ് നിർത്തി വയ്ക്കണമെന്ന ആവശ്യം സുപ്രീം കോടതി തള്ളി. വിഷയത്തിൽ കോടതി അടുത്ത മാസം എട്ടാം തീയതി വീണ്ടും വാദം കേൾക്കും.

&&&&&&&&&&&&&&&&&

## SIKKIM-FIRST CABINET MEETING

സിക്കിമിൽ മുഖ്യമന്ത്രി പ്രേം സിംഗ് തമാങ്ങിന്റെ നേതൃത്വത്തിലുള്ള പുതിയ മന്ത്രിസഭയുടെ ആദ്യ യോഗം ഇന്ന് ചേർന്നു. എംഎൽഎ സഞ്ജീത് ഖരെലിനെ പ്രോ ടേം സ്പീക്കറായി നിയമിക്കാൻ യോഗം ശുപാർശ ചെയ്തു. മണ്ണിടിച്ചിലിൽ ദുരിതമനുഭവിക്കുന്നവർക്ക് വീട് നിർമിച്ച് നൽകാനും, സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള ക്ഷാമബത്തയിൽ നാല് ശതമാനം വർദ്ധന വരുത്താനും മന്ത്രിസഭ അംഗീകാരം നൽകി.

&&&&&&&&&&&&&&&&&

## PM- INDIA-QATAR

ഇന്ത്യയും ഖത്തറും തമ്മിലുള്ള ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ ഇരുരാജ്യങ്ങളും പ്രതിജ്ഞാബന്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനിയുമായുള്ള സംഭാഷണത്തിന് ശേഷം സാമൂഹ്യമാധ്യമത്തിലാണ് പ്രധാനമന്ത്രി ഇക്കാര്യം കുറിച്ചത്. ഖത്തർ അമീറിന്റെ ഊഷ്മളമായ ആശംസകൾക്ക് ശ്രീ മോദി നന്ദി രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&

## CONGRESS DHANYAWAD YATRA

ഉത്തർപ്രദേശിൽ 403 നിയമസഭാ മണ്ഡലങ്ങളിലേക്കുമുള്ള കോൺഗ്രസിന്റെ 'ധന്യവാദ് യാത്ര'യ്ക്ക് ഇന്ന് തുടക്കം. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും പാർട്ടി ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധിയുമാണ് യാത്രയ്ക്ക് തുടക്കം കുറിക്കുക. ഉച്ചയ്ക്ക് ശേഷം റായ്ബറേലിയിലെ ഭൂയേ മൗ ഗ്രാമത്തിൽ സംഘടിപ്പിക്കുന്ന പൊതുസമ്മേളനത്തിൽ നേതാക്കൾ, റായ്ബറേലിയിലെയും അമേഠിയിലെയും തിരഞ്ഞെടുപ്പ് വിജയത്തിൽ ജനങ്ങൾക്ക് നന്ദി പറയും. ജൂൺ 15ന് ധന്യവാദ് യാത്ര സമാപിക്കും.

&&&&&&&&&&&&&&&&

# HEADLINE 6

ട്വൻറി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ കാനഡയെ നേരിടും. രാത്രി 8 മണിക്ക് ന്യൂയോർക്കിലാണ് മത്സരം. കഴിഞ്ഞ രണ്ടു മത്സരങ്ങൾ പരാജയപ്പെട്ട പാകിസ്ഥാന് ഇന്നത്തെ മത്സരം നിർണ്ണായകമാണ്.

&&&&&&&&&&&&&&&&

## INDIA VS QATAR- FOOTBALL

2026 ലെ ഫിഫ ലോകകപ്പിലേക്കുള്ള യോഗ്യതാ മത്സരത്തിൽ ഇന്ത്യ ഇന്ന് ഖത്തറിനെ നേരിടും. ദോഹയിൽ രാത്രി 9:15 നാണ് മത്സരം. യോഗ്യതാ മത്സരത്തിന്റെ മൂന്നാം റൗണ്ടിലേക്ക് കടക്കാൻ, ഇന്ത്യയ്ക്ക് ഗ്രൂപ്പ് എയിലെ ആദ്യ രണ്ട് സ്ഥാനങ്ങളിൽ ഒന്ന് ഉറപ്പിക്കണം എന്നതിനാൽ ഇന്നത്തെ മത്സരം നിർണായകമാണ്. ഖത്തറിനെതിരെ ജയം നേടിയാൽ 2027ൽ നടക്കുന്ന ഏഷ്യ കപ്പിലേക്കും ഇന്ത്യ യോഗ്യത നേടും. ഇന്ത്യയുടെ ഇതിഹാസതാരം സുനിൽ ഛേത്രി വിരമിച്ചതിനെ തുടർന്ന്, ഗോൾകീപ്പർ ഗുർപ്രീത് സിംഗ് സന്ധുവാണ് ഇന്ത്യൻ ടീമിനെ നയിക്കുന്നത്. നിലവിൽ 13 പോയിന്റോടെ ഖത്തർ, ഗ്രൂപ്പിൽ ഒന്നാമതാണ്. അഞ്ച് പോയിന്റുമായി ഇന്ത്യ രണ്ടാം സ്ഥാനത്താണുള്ളത്.

&&&&&&&&&&&&&&&&

## TAX DEVOLUTION

ജൂൺ മാസത്തെ നികുതി ഇനത്തിൽ അധിക ഗഡുവായി ഒരു ലക്ഷത്തി 39,750 കോടി രൂപ സംസ്ഥാനങ്ങൾക്ക് അനുവദിക്കാൻ കേന്ദ്ര ധനമന്ത്രാലയം തീരുമാനിച്ചു. വികസനവും മൂലധന ചെലവും ത്വരിതപ്പെടുത്താൻ ഇത് സഹായകമാകും. ഉത്തർപ്രദേശിനാണ് ഏറ്റവും കൂടുതൽ തുക വകയിരുത്തിയിരുക്കുന്നത് - 25,000 കോടിയിലധികം രൂപ. കേരളത്തിന് ഈ ഇനത്തിൽ 2,690 കോടിയിലേറെ രൂപ ലഭിക്കും. ഇപ്പോൾ അനുവദിച്ച തുക ഉൾപ്പടെ ഈ മാസം
10 വരെ സംസ്ഥാനങ്ങൾക്ക് അനുവദിച്ച ആകെ തുക 2 ലക്ഷത്തി 79,500 കോടി രൂപയായി. 2024-25 ലെ ഇടക്കാല ബജറ്റിൽ സംസ്ഥാനങ്ങൾക്ക് നികുതി ഇനത്തിൽ 12 ലക്ഷത്തി 19,783 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&&&&&